LIBRARY ARCHIVES Kerala Legislative Assembly

മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം

150 [914] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് എന്ത് തുകയുടെ ധനസഹായമാണ് നൽകുന്നത് ;

(സി) 2001 മേയ് മുതൽ 2006 ജനുവരി 15 വരെ സംസ്ഥാനത്ത് മത്സ്യബന്ധന ത്തിനിടയിൽ എത്ര മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്ര പേരുടെ ആശ്രിതർക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ധനസഹായം നൽകി ;

(ഇ) ഇതിനുവേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ നൽകി വരുന്നു. മത്സ്യബന്ധന സമയത്ത് അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡ് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 20,000 രൂപ ധനസഹായം നൽകി വരുന്നു. മത്സ്യഫെഡ് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാ ളികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അതാതു വർഷം പ്രീമിയം അടച്ച് പദ്ധതിയിൽ ചേരുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിക്കുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് 1.5 ലക്ഷം രൂപ ധനസഹായം നൽകുന്നു.

(സി) 2001 മേയ് മുതൽ 2006 ജനുവരി 15 വരെ സംസ്ഥാനത്ത് മത്സ്യബന്ധന ത്തിനിടയിൽ അപകടംമൂലം 224 മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനത്തിനിടയിൽ ആകസ്മിക കാരണങ്ങളാൽ 240 മത്സ്യത്തൊഴിലാളികളും മരണമടഞ്ഞിട്ടുണ്ട്.

(ഡി) 2001 മേയ് മുതൽ 2006 ജനുവരി 15 വരെയുള്ള കാലയളവിൽ മത്സ്യ ബന്ധനത്തിനിടയിൽ അപകടംമൂലം മരിച്ച 167 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 1,67,00,000 രൂപയും മത്സ്യബന്ധനത്തിനിടയിൽ ആകസ്മിക കാരണങ്ങളാൽ മരണമടഞ്ഞ 136 മത്സ്യത്തൊഴിലാളികളുടെ ആശ്രിതക്ക് 31,20,000 രൂപയും മത്സ്യ ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്. മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവരിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ 114 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കഴിഞ്ഞ 5 വർഷത്തിനിടയിൽ 158 ലക്ഷം രൂപ സഹായമായി നൽകിയിട്ടുണ്ട്.

(ഇ) 2001 മേയ് മുതൽ 2006 ജനുവരി 15 വരെയുള്ള കാലയളവിൽ മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരിച്ച 224 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ നിന്നും, മത്സ്യബന്ധനത്തിനിടയിൽ ആകസ്മിക കാരണങ്ങളാൽ മരണമടഞ്ഞ 240 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ നിന്നും, മത്സ്യബോർഡിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്.

മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിനായി ഈ കാലയളവിൽ 204 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 52 അപേക്ഷകൾ അപകട മരണം അല്ലാത്തതിനാലും മറ്റും ഇൻഷ്വറൻസ് കമ്പനി നിരസിക്കുകയുണ്ടായി. 96 അപേക്ഷകളിൻമേൽ ഇൻഷ്വറൻസ് കമ്പനി അന്തിമ തീർപ്പ് കൽപ്പിക്കാനുണ്ട്.

സുനാമി ദുരന്തവും—സർക്കാർ സഹായവും

151 [915] ശ്രീ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് സ്വന്തക്കാരും, ബന്ധുക്കളും നഷ്ടപ്പെട്ടവർക്കും വീടും, വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി സർക്കാർ നൽകിയ ആനുകൂല്യങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദുരന്തത്തിൽ നഷ്ടപ്പെട്ടതും താഴെ പറയുന്നതുമായ ഇനങ്ങൾക്ക് ഫിഷറീസ് വകുപ്പ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

1. യന്ത്രവൽകൃത ബോട്ട്
2. കായൽ വള്ളങ്ങൾ.
3. ഉണക്കമീൻ.
4. ഷെഡ്/കൂടം.
5. ചീനവല.
6. കുറ്റിവല.
7. ഫ്രീനെറ്റ്.
8. ഞണ്ടുവല.
9. ഒഴുക്കുവല.
10. നീട്ട്വല.
11. ഊന്നിവല.
12. ചിപ്പി/കക്ക/ഞണ്ട് കൃഷി യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly